A2/251/2018-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - എൽ.എ.ആർ. 12/09 നമ്പർ കേസിൽ ആറ്റിങ്ങൽ സബ് കോടതി പുറപ്പെടുവിച്ച അന്തിമ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ സബ് കോടതിയിൽ തുക കെട്ടിവയ്ക്കുന്നതിന് അധികധനാനുമതിയായി വകയിരുത്തിയ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.745/2025/CLAD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:-

1. LAR 12/09 നമ്പർ കേസിലെ 16.10.2020 ലെ കോടതി വിധി
2. സ.ഉ.(സാധാ)നം. 664/2024/സാം.കാ.വ. തീയതി 16.11.2024
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 30.08.2025 തീയതിയിലെ എ1-1306/2025/സാം.വ നമ്പർ കത്ത്
4. സ.ഉ.(സാധാ)നം.7947/2024/ധന തീയതി 25.10.2024
5. സ.ഉ.(സാധാ)നം.9838/2025/ധന തീയതി 06.12.2025

**ഉത്തരവ്**

കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിട്യൂട്ട് വിപുലീകരിക്കുന്നതിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ സബ് കോടതിയിൽ നിലനിന്നിരുന്ന എൽ.എ.ആർ. 12/09 നമ്പർ കേസിൽ ഭൂമിയുടെ വില ആർ ഒന്നിന് 3,70,500/- രൂപയാക്കി വർദ്ധിപ്പിച്ച്, ടി കേസിൽ വാദിയായ ശ്രീ.ഡി.പ്രഭാകരന് അധിക നഷ്ട പരിഹാരം ,പലിശ ഉൾപ്പെടെ ₹37,56,395/- (മുപ്പത്തിഏഴ് ലക്ഷത്തി അമ്പത്തറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) പരാമർശം (1) വിധി പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു.

2. പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന്റെ ഭാഗമായി ബഹു. ആറ്റിങ്ങൽ കോടതിയിൽ കെട്ടിവയ്ക്കേണ്ട വിധി തുകയുടെ 50% തുകയായ ₹18,78,198/-യും (പതിനെട്ട് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) പരാമർശം (4) ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി വകയിരുത്തിയ ₹39,42,000/- -യും ചേർത്ത് ആകെ ₹58,20,198/- (അമ്പത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) 4202-04-800-94-(02) Kumaranasan National Institute of Culture, Thonnakkal (Plan-Charged) 'എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ₹13,78,506/- രൂപ 2024-25 സാമ്പത്തിക വർഷാവസാനം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് റെസ്യൂം ചെയ്തുവെന്നും പ്രസ്തുത തുക തിരികെ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. കുമാരനാശാൻ ഇൻസ്റ്റിട്യൂട്ട് വിപുലീകരിക്കുന്നതിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട്

ആറ്റിങ്ങൽ സബ് കോടതിയിൽ നിലനിന്നിരുന്ന എൽ.എ.ആർ. 12/09 നമ്പർ കേസിലെ പരാമർശം (1) വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനായി പരാമർശം (5) ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി 13,79,000/- (പതിമൂന്ന് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരം രൂപ മാത്രം) 4202-04-800-94-02 Kumaranasan National Institute of Culture, Thonnakkal (Plan Charged) ' എന്ന പദ്ധതി ശീർഷകത്തിൽ വകയിരുത്തി ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. ആറ്റിങ്ങൽ സബ് കോടതിയിലെ പരാമർശം (1) വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അനുവദിച്ചതും 2024-25 സാമ്പത്തിക വർഷം റെസ്യൂം ചെയ്തതുമായ 13,79,000/- (പതിമൂന്ന് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരം രൂപ മാത്രം) 4202-04-800-94-02 Kumaranasan National Institute of Culture, Thonnakkal (Plan-Charged) ' എന്ന പദ്ധതി ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

5. അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുള്ള തുക, നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി ധനപുനർവിനിയോഗം വഴി ക്രമീകരിക്കുന്നതിനുള്ള സമയബന്ധിത നടപടികൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ കൈക്കൊള്ളേണ്ടതും അപ്പീൽ ഫയൽ ചെയ്തത് സംബന്ധിച്ച വിവരവും അനുബന്ധ വിശദാംശങ്ങളും സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ , തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യവകുപ്പ് (E 905648) EDN-D1/197/2018-FIN dated 10.12.2025)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 30-12-2025 17:15:49